# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1810 | 16.06.2014-ൽ മറുപടിയ്ക്ക്

**ജനമൈത്രി സുരക്ഷ പദ്ധതിയുടെ ഭാഗമായിട്ടുള്ള സെമിനാർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.റ്റി.എൻ പ്രതാപൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജനമൈത്രി സുരക്ഷ പദ്ധതിയുടെ ഭാഗമായി നിയമവിരുദ്ധമായി അമിത പലിശയ്ക്ക് പണം നൽകുന്നവരെ നേരിടുന്നതിനെ സംബന്ധിച്ച് സെമിനാർ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 29.05.2014-ൽ തിരുവനന്തപുരം കനകക്കുന്ന് പാലസ് ഹാളിൽ വെച്ച് കേരളത്തിലെ മുഴുവൻ ജനമൈത്രീ പോലീസ് സ്റ്റേഷനുകളിലേയും തെരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസർമാർക്ക്, ബ്ലേഡ് മാഫിയ പ്രവർത്തനങ്ങളും അതു സംബന്ധിച്ച കുറ്റകൃത്യങ്ങളെപ്പറ്റിയും ആവശ്യമായ അവബോധം നൽകുന്നതിനായി സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. |
| (ബി) സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടത് എന്തെല്ലാം വിഷയങ്ങളാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) വായ്പ, സാമ്പത്തിക തട്ടിപ്പുകാർ, അനധികൃത ചിട്ടി ഫണ്ടുകൾ എന്നിവയുമായി ബന്ധപ്പെട്ട നിയമ സാധ്യതകൾ, ബ്ലേഡ് മാഫിയ അമർച്ച ചെയ്യുന്നതിൽ ജനമൈത്രി പോലീസിന്റെ പങ്ക്, പണമിടപാടു സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ വരുത്തിയിരിക്കുന്ന വ്യവസ്ഥകൾ, ഗവൺമെന്റ്/ഗവ.അംഗീകൃത പണമിടപാട് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള വിവിധ വായ്പാ സൗകര്യങ്ങൾ, ബ്ലേഡ് മാഫിയയുടെ പ്രവർത്തനങ്ങൾ, പരിണിത ഫലങ്ങൾ, അവയ്ക്കെതിരെ പൊതു സമൂഹം സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്നീ വിഷയങ്ങളെപ്പറ്റിയാണ് സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടത്. |

(സി) സെമിനാറിൽ പങ്കെടുത്തിട്ടുള്ളത് ഏതെല്ലാം വിഭാഗങ്ങളിൽ നിന്നുള്ളവരാണ്, വ്യക്തമാക്കാമോ;

(സി) ബീറ്റ് ഓഫീസർമാർ, കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസർമാർ, ജനമൈത്രി പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ.മാർ, ജനമൈത്രി ജില്ലാ നോഡൽ ഓഫീസർമാർ/ജില്ലാ പോലീസ് മേധാവിമാർ, മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ, പൊതു ജനങ്ങൾ, മാധ്യമ പ്രവർത്തകർ, ബാങ്കിംഗ് രംഗത്തെ വിദഗ്ദർ എന്നിവർ സെമിനാറിൽ പങ്കെടുക്കുകയുണ്ടായി.

(ഡി) സെമിനാറിൽ ചർച്ച ചെയ്ത വിഷയങ്ങളുടെ കാര്യത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഡി) സെമിനാറിൽ പങ്കെടുത്ത മുഴുവൻ പോലീസ് ഉദ്യോഗസ്ഥരും അവരവരുടെ അധികാര പരിധിയിൽ ബ്ലേഡ് മാഫിയക്കെതിരെ സത്വരവും, തീവ്രവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നിയമ ലംഘകർക്കെതിരെ കർശനമായ നിയമ നടപടികളും സ്വീകരിക്കുന്നതിനായുള്ള തീരുമാനം എടുക്കുകയും അപ്രകാരം നടപ്പിലാക്കി വരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ